REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ നടപടികളെ കുറിച്ച് ലോകരാജ്യങ്ങളെ നിലപാടറിയിക്കാൻ രൂപീകരിച്ച, മൂന്നാമത് സർവ്വകക്ഷി സംഘം മോസ്കോയിലെത്തി.**
- **സംസ്ഥാന ഗവണ്മെന്റിന്റെ നാലാം വാർഷികാഘോഷ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ ലഖ്നൗവിൽ നേരിടും.**

## വാർത്തകൾ വിശദമായി

പാക് ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ നടപടികളെ കുറിച്ച് ലോകരാജ്യങ്ങളെ നിലപാടറിയിക്കാൻ രൂപീകരിച്ച,മൂന്നാമത്തെ സർവ്വകക്ഷി സംഘം മോസ്കോയിലെത്തി. DMK MP കനിമൊഴി കരുണാനിധി യാണ് സംഘത്തിന് നേതൃത്വം നൽകുന്നത്. ഇന്ത്യയുടെ നയതന്ത്ര പങ്കാളിയെന്ന നിലയിൽ റഷ്യ, ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യക്കൊപ്പം നിലകൊള്ളുമെന്ന് കനിമൊഴി മാധ്യമങ്ങളോട് പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്....

....(VOICE).....

റഷ്യൻ സന്ദർശനത്തിനു ശേഷം സ്പെയിൻ, ഗ്രീസ്, സ്ലൊവേനിയ, ലാത്വിയ എന്നീ രാജ്യങ്ങളും കനിമൊഴിയുടെ സംഘം സന്ദർശിക്കും.

JDU MP സഞ്ജയ് ഝാ നേതൃത്വം നൽകുന്ന സർവ്വകക്ഷിസംഘം ബ്രസീൽ, ഓസ്ട്രേലിയ, കൊളംബിയ, ഗ്രീസ്, ദക്ഷിണ കൊറിയ അംബാസിഡർമാരുമായി ജപ്പാനിലെ ടോക്കിയോവിൽ കൂടിക്കാഴ്ച നടത്തി. ലോകത്ത് എവിടെ ഭീകരവാദ പ്രവർത്തനങ്ങളുണ്ടായാലും അതിന് ഏതെങ്കിലും തരത്തിൽ പാകിസ്ഥാനുമായി ബന്ധമുണ്ടാകുമെന്ന് കൂടിക്കാഴ്ചയിൽ സഞ്ജയ് ഝാ പറഞ്ഞു. ഇന്ത്യൻ പൗരന്മാർക്കെതിരെ ആക്രമണമുണ്ടായാൽ രാജ്യം ശക്തമായി തിരിച്ചടിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ജപ്പാന്റെ പിന്തുണയുണ്ടെന്ന് ജാപ്പനീസ് വിദേശകാര്യമന്ത്രി തകേഷി ഇവായ പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തിൽ ദുഃഖമറിയിച്ച ഇവായ, പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും പറഞ്ഞു. സർവ്വകക്ഷി സംഘം മുൻ ജാപ്പനീസ് പ്രധാനമന്ത്രി യോഷിഹിതെ സുഗയെയുമായും കൂടിക്കാഴ്ച നടത്തി.

ശിവസേനാ MP ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലെ മറ്റൊരു സർവ്വകക്ഷി സംഘം ഇന്നലെ അബുദാബിയിലെത്തി. ഭീകരതയ്ക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത ഇന്ത്യൻ നിലപാട് UAE അധികൃതരുമായി നടത്തിയ ഉന്നതതല യോഗത്തിൽ സംഘം വിശദീകരിച്ചു.

✪✪✪

BJP MP ബൈജയന്ത് പാണ്ഡെയും ഡോ. ശശി തരൂരും നേതൃത്വം നൽകുന്ന രണ്ടു സംഘങ്ങൾ നാളെ ഡൽഹിയിൽ നിന്ന് യാത്ര തിരിക്കും.

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി വൈകിട്ട് കൂടിക്കാഴ്ചയിൽ മറ്റു രാജ്യങ്ങളുമായി പങ്കുവെയ്ക്കേണ്ട വിഷയങ്ങൾ യാത്രാസംഘങ്ങളെ ധരിപ്പിക്കും. ഡോ ശശിതരൂരിന്റെ സംഘം അമേരിക്ക, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുന്നത്.

✪✪✪

രണ്ടു വർഷത്തിനിടെ മൂവായിരത്തോളം അഗ്നിവീറുകളെ അഗ്നിപഥ് പദ്ധതിക്കു കീഴിൽ റിക്രൂട്ട് ചെയ്തതായി കേന്ദ്രഗവൺമെന്റ് അറിയിച്ചു. 20 വയസ്സുകാരായ യുവാക്കളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അഗ്നിവീറുകൾ ഓപ്പറേഷൻ സിന്ദൂറിൽ പാകിസ്ഥാന്റെ മിസൈൽ, ഡ്രോൺ ആക്രമണങ്ങളിൽ നിന്ന് രാജ്യത്തെ സംരക്ഷിച്ചു. ഭീകരത വളർത്തുന്ന പാകിസ്ഥാന്, അഗ്നിവീറുകൾ തക്കതായ മറുപടി നൽകി. വ്യോമ പ്രതിരോധ യൂണിറ്റുകളിൽ

200 ഓളം അഗ്നിവീറുകൾ ഉണ്ടായിരുന്നുവെന്നും അവർ ധീരതയും നിശ്ചയദാർഢ്യവും ഉയർത്തിപ്പിടിച്ചതായും കേന്ദ്രം അറിയിച്ചു.

✪✪✪

ഇന്ത്യയും അമേരിക്കയും പരസ്പരം പ്രയോജനകരമായ വ്യാപാര ഉടമ്പടിയിൽ കൂടുതൽ പുരോഗതി കൈവരിച്ചതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. അമേരിക്കൻ വാണിജ്യ സെക്രട്ടറി ഹൊവാർഡ് ലുട്നികുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് പിയൂഷ് ഗോയൽ ഇക്കാര്യം അറിയിച്ചത്. ഇരുരാജ്യങ്ങളും വാണിജ്യരംഗത്ത് കൂടുതൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധരാണെന്നും ഇക്കാര്യത്തിൽ യു.എസ്സുമായി ഫലപ്രദമായ ചർച്ചകൾ നടക്കുന്നുണ്ടെന്നും ഗോയൽ വ്യക്തമാക്കി.

✪✪✪

സംസ്ഥാനം ഗുരുതരമായ കടക്കെണിയിലും, വികസന പദ്ധതികൾ നടപ്പാകുന്നില്ലെന്നും ചിലർ  ദുഷ്പ്രചാരണം നടത്തുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരത്ത് ജില്ലാതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇവരുടെ പെരുപ്പിച്ച കണക്കുകൾ തെറ്റാണെന്ന് റിസർവ് ബാങ്കിന്റെ റിപ്പോർട്ട് പരിശോധിച്ചാൽ അറിയാമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. കേന്ദ്രം കേരളത്തോട് വിവേചനം കാട്ടുകയാണെന്നും ഇതിനെ സംസ്ഥാനത്ത് ചിലർ വെള്ള പൂശുകയാണെന്നും അദ്ദേഹം ആരോപിച്ചു. സംസ്ഥാനഗവൺമെന്റിനെതിരെ ഒരു വിഭാഗത്തിന് നിഷേധ വാർത്തകൾ പടച്ചുവിടാനാണ് താൽപര്യമെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ  നാലാം വാർഷികാഘോഷ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട്  തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ ഉദ്ഘാടനം ചെയ്യും.  നാലാം വർഷത്തെ പ്രോഗ്രസ് റിപ്പോർട്ടും ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്യും. എന്റെ കേരളം പ്രദർശന വിപണനമേളയും ഇന്ന് സമാപിക്കും.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കാട്.

....(വോയ്സ്).....

കഴിഞ്ഞ മാസം 21ന് കാസർഗോഡ് നിന്ന് തുടക്കം കുറിച്ച വാർഷികാഘോഷങ്ങൾക്കാണ് ഇന്ന് തിരുവനന്തപുരത്ത് സമാപനം കുറിക്കുന്നത്.

മന്ത്രി കെ രാജൻ അധ്യക്ഷത വഹിക്കുന്ന സമാപന ചടങ്ങിൽ മറ്റ് മന്ത്രിമാർ എം പി മാർ എം എൽ എ മാർ തുടങ്ങിയവർ പങ്കെടുക്കും. പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാശനവും ചടങ്ങിൽ നടക്കും. 14 ജില്ലകളിലും ഇതിന്റെ ഭാഗമായി പ്രദർശന വിപണന മേളയും ജില്ലാതല യോഗങ്ങളും കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചിരുന്നു. എല്ലാ ജില്ലാ മേഖലാ തല യോഗങ്ങളിലും മുഖ്യമന്ത്രി പങ്കെടുത്തിരുന്നു. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വ്യത്യസ്ത വകുപ്പുകൾ സംഘടിപ്പിച്ച യോഗങ്ങളും പരിപാടിയുടെ ഭാഗമായി നടന്നു. വിവിധ മേഖലകളിൽ നിന്നും ക്ഷണിക്കപ്പെട്ട നിരവധി പ്രമുഖ വ്യക്തികൾ യോഗങ്ങളിൽ പങ്കെടുത്തിരുന്നു. വാർഷികാഘോഷങ്ങളിൽ എന്റെ കേരളം പ്രദർശന വിപണന മേളയായിയിരുന്നു ഏറ്റവും ശ്രദ്ധേയം. കാർഷിക പ്രദർശനം, പുസ്തക മേള, ഫുഡ് കോർട്ട്, കലാപരിപാടികൾ, പൊലീസിന്റെ ഡോഗ് ഷോ, കാരവാൻ ടൂറിസം, മിനി തിയേറ്റർ എന്നിവ കൂടാതെ കിഫ്ബി,ടൂറിസം, സ്റ്റാർട്ട് അപ്പ് മിഷൻ, സ്പോർട്സ് തുടങ്ങിയവയ്ക്ക് പ്രത്യേക പവലിയനും എന്റെ കേരളം പ്രദർശന വിപണന മേളയിൽ ഒരുക്കിയിരുന്നു.

✪✪✪

ശബരിമലയിൽ വിവേചനരഹിതമായി മാലിന്യം തള്ളുന്നവർക്കെതിരെയും കത്തിക്കുന്നവർക്കെതിരെയും നിയമപ്രകാരം നടപടിയെടുക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. പെരിയാർ കടുവാസംരക്ഷണ പ്രദേശത്തിന്റെ ഭാഗമായ ശബരിമലയിൽ പ്ലാസ്റ്റിക് മാലിന്യം കഴിച്ച് രണ്ട് ആനകളും, സാംബർ മാനും ചത്തതിനെ തുടർന്ന് കടുവാസംരക്ഷണ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകിയിരുന്നു.

ശർക്കരയുടെ ഒഴിഞ്ഞ പ്ലാസ്റ്റിക് ബാഗുകളും മറ്റും തിന്ന് വന്യജീവികൾക്ക് വംശനാശം നേരിടുന്നതായും റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്നാണ് കോടതിയുടെ ഉത്തരവ്.

✪✪✪

ED ഉദ്യോഗസ്ഥനെ പ്രതിയാക്കി വിജിലൻസ് സമർപ്പിച്ച കൈക്കൂലി കേസിൽ ആരോപണം നേരിടുന്ന ശേഖർ കുമാർ മുൻകൂർ ജാമ്യാപേക്ഷയുമായി ഹൈക്കോടതിയെ സമീപിച്ചു. സാമ്പത്തിക തട്ടിപ്പ് കേസിൽ പ്രതി ചേർക്കപ്പെട്ട ഒരാളുടെ പരാതിയിലാണ് തനിക്കെതിരെ കേസ് എടുത്തിരിക്കുന്നത് എന്ന് ശേഖർ കുമാർ മുൻകൂർ ജാമ്യാപേക്ഷയിൽ അറിയിച്ചു. വിജിലൻസ്

പ്രതിചേർത്തത് ദുരുദ്ദേശ്യത്തോടെയാണെന്നും, സാമ്പത്തിക തട്ടിപ്പ് കേസിലെ പ്രതികളുമായി ബന്ധപ്പെട്ടിട്ടില്ലെന്നും ജാമ്യാപേക്ഷയിൽ ശേഖർ കുമാർ പറഞ്ഞു.

✪✪✪

2025-26 അധ്യായന വർഷത്തെ പ്ലസ് വൺ സ്പോർട്സ് ക്വാട്ട ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2023 ഏപ്രിൽ ഒന്നു മുതൽ 2025 മാർച്ച് 31 വരെ സർട്ടിഫിക്കറ്റുകളാണ് സ്പോർട്സ് ക്വാട്ട പരിഗണിക്കുക. വിദ്യാഭ്യാസ വകുപ്പിന്റെ HSCAP ഗേറ്റ് വേ എന്ന ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ നൽകണം.

✪✪✪

മുന്നറിയിപ്പില്ലാതെ ഡൽഹി യൂണിവേഴ്സിറ്റി സന്ദർശിച്ച മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ നടപടി ശരിയല്ലെന്ന് ഡൽഹി സർവകലാശാലാ അധികൃതർ അറിയിച്ചു. ഒരു മണിക്കൂറിലേറെ സർവകലാശാല വിദ്യാർത്ഥിയൂണിയൻ ഓഫീസിൽ രാഹുൽ ഗാന്ധി ചെലവഴിച്ചപ്പോൾ സർവകലാശാല സുരക്ഷാ വലയത്തിലായിരുന്നു. യാതൊരു അറിയിപ്പും കൂടാതെ രണ്ടാം തവണയാണ് രാഹുൽ സർവകലാശാല സന്ദർശിക്കുന്ന തെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

വംശീയ കലാപവുമായി ബന്ധപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി മണിപ്പൂരിൽ, കേന്ദ്രഗവൺമെന്റ് പ്രത്യേക NIA കോടതിയ്ക്ക് രൂപം നൽകി. മണിപ്പൂർ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ചാണ് കേസുകളുടെ വിചാരണയ്ക്ക് ചുരാചന്ദ്പൂർ ജില്ലയിലെ സെഷൻസ് കോടതിയെ പ്രത്യേക NIA കോടതിയായി അംഗീകരിച്ചത്.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും നൽകി.

അടുത്ത രണ്ട് ദിവസത്തിനകം സംസ്ഥാനത്ത് കാലവർഷം എത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അറബി കടലിലെയും ബംഗാൾ ഉൾകടലിലെയും ന്യൂനമർദ്ദത്തിന്റെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴ തുടരും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി മന്ത്രി V അബ്ദുറഹ്മാൻ നേതൃത്വം നൽകുന്ന "KICK DRUGS SAY YES TO SPORTS" എന്ന സന്ദേശവുമായി പ്രചാരണ ജാഥ എറണാകുളം ജില്ലയിലെത്തി. പരിപാടിയുടെ ഭാഗമായി രാവിലെ മുവാറ്റുപുഴയിൽ നിന്നും കോതമംഗലത്തേക്ക് മാരത്തണും, കോതമംഗലത്ത് നിന്നും വാക്കത്തണും സംഘടിപ്പിച്ചു.

വൈകീട്ട് എറണാകുളം മറൈൻ ഡ്രൈവിൽ നിന്ന് ദർബാർ ഹാൾ ഗ്രൗണ്ടിലേക്ക് റാലിയും തുടർന്ന് സമാപന സമ്മേളനവും നടത്തും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗലൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ ലഖ്നൗവിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

FIH ഹോക്കി പ്രോ -ലീഗിലെ യൂറോപ്യൻ പാദ മത്സരത്തിൽ പങ്കെടുക്കുന്ന 24 അംഗ ഇന്ത്യൻ പുരുഷ ടീമിനെ പ്രഖ്യാപിച്ചു. നെതർലാന്റ്സിലും ബെൽജിയത്തിലുമായി ജൂൺ ഏഴ് മുതൽ 22 വരെയാണ് മത്സരങ്ങൾ. ഹർമെൻ പ്രീത് സിംഗാണ് ക്യാപ്റ്റൻ. ഹാർദിക് സിംഗിനെ വൈസ്ക്യാപ്റ്റനായും നിയോഗിച്ചു.

✪✪✪

ഇംഗ്ലണ്ട് പര്യടനത്തിൽ പങ്കെടുക്കുന്ന ഇന്ത്യ അണ്ടർ - 19 ടീമിനെ BCCI പ്രഖ്യാപിച്ചു. ആയുഷ് ഹത്രെ ആണ് ക്യാപ്റ്റൻ. അഭിജ്ഞാൻ കുണ്ടുവിനെ വൈസ് ക്യാപ്റ്റനായും നിയോഗിച്ചു. 14-കാരനായ വൈഷ്ണവ് സൂര്യവൻഷിയും ടീമിൽ ഉൾപ്പെട്ടിട്ടുണ്ട്. ജൂൺ 24 മുതൽ ജൂലൈ 23 വരെയാണ് ഇന്ത്യൻ ടീമിന്റെ ഇംഗ്ലണ്ട് പര്യടനം.

✪✪✪

മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ഇന്ന് ഫ്രാൻസ് താരത്തെ നേരിടും. ഇന്നലെ പ്രീ-ക്വാർട്ടർ ഫൈനലിൽ അയർലണ്ട് താരത്തെ ശ്രീകാന്ത് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 280 രൂപ കുറഞ്ഞ് 71,520 രൂപയായി- 8940 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪✪✪

കോയമ്പത്തൂർ രാജ്യാന്തര വിമാനത്താവളത്തിൽ അഞ്ചേകാൽ കിലോ ഹൈബ്രിഡ് കഞ്ചാവുമായി കോഴിക്കോട് സ്വദേശി പിടിയിലായി. മുഹമ്മദ് ഫാസിൽ എന്ന 24 കാരനെയാണ് എയർ ഇന്റലിജൻസ് യൂണിറ്റ് പിടികൂടിയത്. ബാങ്കോക്കിൽ നിന്ന് സിംഗപൂർ വഴി കോയമ്പത്തൂരിലെത്തിയ വിമാനത്തിലെ യാത്രക്കാരനായിരുന്നു ഇയാൾ. കഞ്ചാവിന് രാജ്യാന്തര തലത്തിൽ അഞ്ചു കോടി രൂപ കണക്കാക്കുന്നുവെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪

ലോറിയിൽ കടത്താൻ ശ്രമിച്ച 120 കിലോ കഞ്ചാവുമായി തൃശൂർ പാലിയേക്കരയിൽ നാല് യുവാക്കൾ പിടിയിലായി. സിജോ ആഷ്‌വിൻ, ഹാരിസ്, ജാബിർ എന്നിവരെയാണ് ചാലക്കുടി DYSP യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് പിടികൂടിയത്.

✪✪✪

പേരൂർക്കടയിൽ ദളിത് യുവതിയെ പൊലീസ് കസ്റ്റഡിയിൽ മാനസികമായി പീഡിപ്പിച്ചെന്ന കേസ് പത്തനംതിട്ട ജില്ലാ ക്രൈംബ്രാഞ്ച് DYSP അന്വേഷിക്കും. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരമാണ് ജില്ലക്ക് പുറത്തെ പൊലീസ് ഉദ്യോഗസ്ഥന്റെ അന്വേഷണം.

✪✪✪

കാളികാവിൽ നരഭോജി കടുവയെ പിടികൂടാൻ സുൽത്താന എസ്റ്റേറ്റിന് മുകളിലെ മദാരികുണ്ടിൽ പുതിയ കൂട് സ്ഥാപിച്ചു. വനമേഖലയിൽ ദ്രുത കർമ സേന തിരച്ചിൽ തുടരുകയാണ്. കൂടുതൽ ഡ്രോണുകളും ക്യാമറകളും തെരച്ചിലിന് ഉപയോഗിക്കുന്നുണ്ട്. മയക്കുവെടി വിദഗ്ദ്ധൻ ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിലാണ് തിരച്ചിൽ.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader : വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : ഷീബ*